പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2590 — 19/12/2012-ൽ മറുപടിയ്ക്ക്

**ശബരിമല നട വരുമാനം**

**ചോദ്യം**
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**ഉത്തരം**
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| എ) ശബരിമല മണ്ഡലകാലത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ദേവസ്വം മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതിനകം എത്ര യോഗങ്ങൾ നടന്നെന്നും, എന്നൊക്കെയായിരുന്നെന്നും, പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളെന്തായിരുന്നെന്നും വിശദമാക്കാമോ; | എ) ദേവസ്വം മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 31/1/2012, 05/07/2012, 8/8/2012, 26/09/2012, 14/10/2012, 20/10/2012, 20/10/2012, 27/10/2012, 7/11/2012, 15/11/2012 എന്നീ തീയതികളിലായി 10 യോഗങ്ങൾ നടന്നു.<br>ദേവസ്വം ബോർഡ്, പോലീസ്, ഫയർഫോഴ്സ്, ആരോഗ്യം, കെ.എസ്.ആർ.ടി.സി, പൊതുമരാമത്ത്, ജലസേചനം, വാട്ടർ അതോറിറ്റി, പൊലൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ പ്രധാന വകുപ്പുകളെ ഉൾക്കൊള്ളിച്ച് നടത്തുന്ന യോഗങ്ങളിൽ താഴെപറയുന്ന തീരുമാനങ്ങൾ പ്രധാനമായും എടുത്തിട്ടുണ്ട്. സന്നിധാനത്തെ സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറും പമ്പ സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറും പണി ആരംഭിക്കുക, പമ്പ മുതൽ മരക്കൂട്ടം വരെയുള്ള നടപ്പന്തൽ സീണണു മുൻപ് ചെയ്യുക, ക്യൂ കോംപ്ലക്സുകളുടെ പണികൾ തീർക്കുക, സ്വാമി അയ്യപ്പൻ റോഡുപണി പൂർത്തിയാക്കുക, അരവണ അപ്പം പ്ലാൻറ് സ്ഥാപിക്കുക, അപ്പം അരവണ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, സർക്കാർ ഏജൻസികൾ വഴി നേരിട്ട് ശർക്കര എത്തിക്കുന്നതിനുള്ള സാദ്ധ്യത ആരായുക, പമ്പയിൽ നിന്നും സന്നിധാനത്തേക്ക് സമാന്തര കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുക, കൂടുതൽ അസ്കാ ലൈറ്റുകൾ സ്ഥാപിക്കുക, കണമല പാലം പണി ആരംഭിക്കുക, തിരുവാഭരണ പാതയിൽ പേങ്ങാട്കടവ് പാലം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുക. പോലീസ് മെസ് കെട്ടിടം നിർമ്മാണം ആരംഭിക്കുക, നിലയ്ക്കലിൽ പാർക്കിംഗ് ഗ്രൗണ്ടിൻെറ നിർമമാണം, നിലയ്ക്കലിലെ ആശുപത്രി പുതിയ തസ്തികകൾ സൃഷ്ടിച്ച് മുഴുവൻ സമയം പ്രവർത്തിപ്പിക്കുക, പമ്പയിലെയും സന്നിധാനത്തെയും ആശുപത്രി കെട്ടിടങ്ങൾ മാറ്റി പുതിയ ആരോഗ്യ കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക. പരുന്തൻപാറയിലും പാഞ്ചാലിമേട്ടിലും സ്ഥിരം ബാരിക്കേടുകൾ നിർമ്മിക്കുക. എരുമേലിയിൽ വിതരണം ചെയ്യുന്ന നിറ പൊടികൾ/ഭസ്മം ഗുണനിലവാരം ഉറപ്പാക്കുക, വെർച്വൽ ക്യൂ സിസ്റ്റം വിപുലീകരിക്കുക, എരുമേലി ടൗൺഷിപ്പ് വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുക, തിരുവാഭരണം കൊണ്ടുപോകുന്ന വഴിയിലുള്ള പാലത്തിൻെറ അപ്രോച്ച് റോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പമ്പ-സന്നിധാനം സമാന്തര പൈപ്പ് ലൈനിൻെറ പണി ഉടൻ തീർക്കുക, പോലീസിൻെറ മെസ് സബ്സിഡിയും ആരോഗ്യ |

വകുപ്പിലെ ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ഉള്ള ടി.എ/ഡി.എ. യും ഈ വർഷവും തുടരുക, ശബരിമലയിൽ സോപാനം ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് നമ്പർ ഉൾപ്പെടെയുള്ള ആംബാൻറ് നൽകുക, ചാലക്കയത്ത് വാഹനങ്ങൾ നമ്പർ സഹിതം സ്കാൻ ചെയ്ത് പ്രവേശിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക, സേനകളിൽ നിന്നും റിട്ടയർ ചെയ്തവരെ സ്പെഷ്യൽ പോലീസ് ഓഫീസർ മാരായി ഡ്യൂട്ടിക്ക് നിയോഗിക്കുക, നടപ്പന്തലിലും നടപ്പാതയിലും ഉള്ള ബാരിക്കേടുകൾ മാറ്റി സ്ഥാപിക്കുക, സുരക്ഷാ ഉപകരണങ്ങളുടെ എ.എം.സി. അവ വാങ്ങിയ വകുപ്പുകൾ തന്നെ കെൽട്രോണുമായി ചേർന്ന് നടത്തുക, സന്നിധാനത്തെ രണ്ടു പോലീസ് ബാരക്കുകൾ ചേർത്ത് മെസ്സ്ഹാൾ വികസിപ്പിക്കുക, എമർജൻസി ഘട്ടത്തിൽ ചെറിയ വഴികളിൽ കൂടി ഉപയോഗിക്കേണ്ടതായ ചെറിയ ഫയർ വാഹനങ്ങളും എക്യുപ്മെൻറുകളും സജ്ജമാക്കുക, പമ്പയിലും സന്നിധാനത്തുമുള്ള കടകളും ഹോട്ടലുകളുടെ അടുക്കളകളും പരിശോധിച്ച് ഫയർ പ്രിവൻറീവ് മാനദണ്ഡങ്ങളും സേഫ്റ്റി മാന്വലും പാലിച്ചോയെന്ന് ഉറപ്പുവരുത്തുക, സൂചനാ ബോർഡുകൾ സ്ഥാപിക്കലും അറ്റകുറ്റപ്പണി കളും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക, അപകട മേഖല കൂടിയ സ്ഥലങ്ങളും മറ്റും ഐഡൻറിഫൈ ചെയ്ത് അവിടെ ആധുനിക രീതിയിലുള്ള ക്റാഷ് ബാരിക്കേഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, പമ്പയിൽ നിന്നും സന്നിധാനത്തിലേക്കുള്ള സമാന്തര പൈപ്പ് ലെയ്ൻ സീസണ് മുൻപ് തന്നെ ചെയ്തു തീർക്കുക, വഴിയിലെ കുളിക്കടവുകളിൽ ദക്ഷിണേന്ത്യൻ ഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡു കൾ സ്ഥാപിക്കുകയും അവശ്യം വേണ്ടുന്ന സ്ഥലത്ത് ബാരിക്കേടുകൾ നിർമ്മിക്കുകയും ചെയ്യുക, ഫുഡ് സെഫ്റ്റി സ്ക്വാഡ്, ലാബ് എന്നിവ സ്ഥാപിക്കുക, ശുചീകരണത്തിനായി കൂടുതൽ വിശുദ്ധി സേനാംഗ ങ്ങളെ നിയമിക്കുക, അസ്കാലൈറ്റുകൾ കൂടുതലായി സ്ഥാപിക്കുക, കൂടുതൽ പുതിയ ബസ്സുകൾ സർവ്വീസ് നടത്തുക,

| | | | |
|---|---|---|---|
| ബി) | കഴിഞ്ഞ 5 വർഷത്തെ ശബരിമല നട വരുമാനം സംബന്ധിച്ച പട്ടിക വെളിപ്പെടുത്തുമോ; | ബി) | 2007-08 - 83,00,95,772/-<br>2008-09 - 113,23,04,524/-<br>2009-10 - 128,78,85,858 /-<br>2010-11 - 153,73,48,852/-<br>2011-12 - 174,46,31,993/- |
| സി) | നിലവിൽ നടവരുമാനം കുറയാനിടയായ സാഹചര്യം വെളിപ്പെടുത്തുമോ? | സി) | സീസൺ ആരംഭിച്ച ദിവസങ്ങളിൽ ഭക്തജന തിരക്ക് കുറവാ യിരുന്നു. അതു നിമിത്തം വരുമാനത്തിലും ആനുപാതികമായ കുറവ് വന്നിട്ടുണ്ട്. എന്നിരുന്നാലും സീസൺ പൂർത്തിയായ ശേഷം മാത്രമേ വരുമാനത്തെ എത്രമാത്രം ബാധിച്ചുവെന്നും മറ്റും അറിയാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ